"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്- മെഡിക്കൽ വിദ്യാഭ്യാസം- ജീവനക്കാര്യം- കണ്ണൂർ പരിയാരം മെഡിക്കൽ കോളേജിൽ നിന്നും ഏറ്റെടുക്കുന്ന സ്ഥിര ഫാർമസി വിഭാഗം അധ്യാപക ജീവനക്കാരെ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലേക്ക് അക്കോമ്മൊഡേറ്റ്/ആഗിരണം ചെയ്ത് പുറപ്പെടുവിച്ച ഉത്തരവുകൾ ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ആരോഗ്യ കുടുംബക്ഷേമ (എസ്) വകുപ്പ്**

സ.ഉ.(കൈ) നം.314/2024/H&FWD തീയതി,തിരുവനന്തപുരം, 25-10-2024

പരാമർശം:-
1. 19/02/2021 - ലെ സ.ഉ(കൈ) നം.52/2021/ആ.കു.വ
2. 27/09/2023 - ലെ സ.ഉ(കൈ) 265/2023/ആ.ക.വ
3. 24/11/2023 - ലെ സ.ഉ(കൈ) 321/2023/ആ.ക.വ.
4. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 15/03/2024 ലെ എൻ സി 4/ 1415/ 2020/ മെ.വി.വ നമ്പർ കത്ത്.

**ഉത്തരവ്**

2019-ലെ കേരള സഹകരണ ആശുപത്രി കോംപ്ലെക്സും മെഡിക്കൽ സയൻസസ് അക്കാദമിയും അനുബന്ധ സ്ഥാപനങ്ങളും (ഏറ്റെടുക്കലും നടത്തിപ്പും) ആക്ട് പ്രകാരം സഹകരണ മേഖലയിൽ സൊസൈറ്റികൾക്ക് കീഴിൽ പ്രവർത്തിച്ചു വന്നിരുന്ന പരിയാരം മെഡിക്കൽ കോളേജും അനുബന്ധ സ്ഥാപനങ്ങളും 02/03/2019 തീയതി പ്രാബല്യത്തിൽ പൂർണമായും സർക്കാർ ഏറ്റെടുത്ത് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നിയന്ത്രണത്തിൽ കൊണ്ടുവരികയും, തുടർന്ന് മുൻ പരിയാരം മെഡിക്കൽ കോളേജിലെ ജീവനക്കാരുടെ അക്കോമ്മൊഡേഷനായി പരാമർശം (1) പ്രകാരം സൃഷ്ടിച്ച 772 തസ്തികകളിലുൾപ്പെട്ട സ്ഥിര ഫാർമസി വിഭാഗം അധ്യാപക ജീവനക്കാരെ അക്കോമ്മൊഡേറ്റ് ചെയ്യുന്നതിനായി പരാമർശം (2) പ്രകാരം 7 സൂപ്പർ ന്യൂമററി ഉൾപ്പെടെ ആകെ 26 അധ്യാപക തസ്തികകൾ അനുവദിച്ചും, ടി തസ്തികകളുടെ വർഗീകരണം പൂർത്തീകരിച്ച് തസ്തികകളുടെ തരം തിരിവ് നടത്തിയും ഉത്തരവായിരുന്നു. പ്രസ്തുത 26 ഫാർമസി അധ്യാപകരെ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലേക്ക് അക്കോമ്മൊഡേറ്റ്/ആഗിരണം ചെയ്ത് പരാമർശം (3) പ്രകാരവും ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

2) എന്നാൽ പരാമർശം (2) - ലെ ഉത്തരവ് പ്രകാരം അക്കോമ്മൊഡേറ്റ്/ആഗിരണം ചെയ്യപ്പെട്ട 26 ഫാർമസി അധ്യാപകർ ഓപ്ഷൻ സമർപ്പിച്ചിരിക്കുന്ന സാഹചര്യത്തിൽ, സൂപ്പർ ന്യൂമററി തസ്തികകളിൽ അക്കോമ്മൊഡേറ്റ് ചെയ്യപ്പെട്ടിരിക്കുന്നവർക്ക് 07/10/2021-ലെ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഓപ്ഷൻ സമർപ്പിക്കാൻ കഴിയുന്നതാണോ എന്നതിലും ടിയാളുകളെ അക്കോമ്മൊഡേറ്റ് ചെയ്തിരിക്കുന്ന തസ്തികകൾ ഓപ്ഷന്റെ അടിസ്ഥാനത്തിൽ പുനക്രമീകരിക്കാൻ കഴിയുന്നതാണോ എന്ന കാര്യത്തിലും സ്പഷ്ടീകരണം നൽകണമെന്ന് പരാമർശം (4)- ലെ കത്ത് പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി. കൂടാതെ സൂപ്പർന്യൂമററി തസ്തികയിൽ ഉൾപ്പെടുന്ന ജീവനക്കാരിൽ ഒരു വകുപ്പിൽ സീനിയർ ആയിട്ടുള്ള ഡോക്ടർ സൂപ്പർ ന്യൂമററി ആയും മറ്റൊരു വകുപ്പിൽ ജൂനിയർ ആയിട്ടുള്ള ഡോക്ടർ റഗുലർ ആകുന്നതുമായ സ്ഥിതി വിശേഷം ഉണ്ടായിട്ടുണ്ടെന്നും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി .

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയും പ്രകാരം ഉത്തരവാകുന്നു.

i ) ഫാർമസി വിഭാഗം അധ്യാപക തസ്തികകളുടെ വർഗീകരണം പൂർത്തീകരിച്ച് തസ്തികകളുടെ തരം

തിരിവ് നടത്തിയും പുറപ്പെടുവിച്ച പരാമർശം (2) ലെ ഉത്തരവിൽ സൂപ്പർ ന്യൂമററി ആയി ഉൾപ്പെടുത്തിയ താഴെപ്പറയുന്ന അസിസ്റ്റന്റ് പ്രൊഫസർ തസ്തികകൾ **വാനിഷിംഗ് കാറ്റഗറിയിൽ** ഉൾപ്പെടുത്തി പരാമർശം (2) ലെ ഉത്തരവ് താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യുന്നു.

a) ഫാർമസ്യൂട്ടിക്സ് - 2
b) ഫാർമസ്യൂട്ടിക്കൽ കെമിസ്ട്രി -4
c) ഫാർമ്മക്കോളജി - 1

ആകെ - 7 എണ്ണം

ii) ഫാർമസി വിഭാഗം അധ്യാപകരെ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലേക്ക് അക്കൊമ്മൊഡേറ്റ്/ആഗിരണം ചെയ്ത് പുറപ്പെടുവിച്ച പരാമർശം (3) ലെ ഉത്തരവിൽ സൂപ്പർ ന്യൂമററി ആയി ഉൾപ്പെടുത്തിയിരുന്ന താഴെപ്പറയുന്ന അധ്യാപകരെ **വാനിഷിംഗ്** കാറ്റഗറിയിൽ ഉൾപ്പെടുത്തി ടി ഉത്തരവ് ഭേദഗതി ചെയ്യുന്നു.

| ക്രമനമ്പർ | പേര് | നിലവിലുള്ള തസ്തിക | സർക്കാർ അക്കൊമ്മൊഡേറ്റ് ചെയ്യുന്ന തസ്തിക | വിഭാഗം |
|---|---|---|---|---|
| 16 | ശ്രീമതി.ആൻ റോസ് അഗസ്തി | ലക്ചറർ | അസിസ്റ്റന്റ് പ്രൊഫസർ | ഫാർമസ്യൂട്ടിക്സ് |
| 18 | ശ്രീമതി.ലാവണ്യ.കെ.പി | ലക്ചറർ | അസിസ്റ്റന്റ് പ്രൊഫസർ | ഫാർമസ്യൂട്ടിക്കൽ കെമിസ്ട്രി |
| 20 | ശ്രീ.ഷാഹിൻ മുഹമ്മദ്.ടി.കെ | ലക്ചറർ | അസിസ്റ്റന്റ് പ്രൊഫസർ | ഫാർമസ്യൂട്ടിക്കൽ കെമിസ്ട്രി |
| 23 | ശ്രീ.രാഹുൽ.കെ | ലക്ചറർ | അസിസ്റ്റന്റ് പ്രൊഫസർ | ഫാർമസ്യൂട്ടിക്കൽ കെമിസ്ട്രി |
| 24 | ശ്രീ.ഷിജിത്ത്.കെ.വി | ലക്ചറർ | അസിസ്റ്റന്റ് പ്രൊഫസർ | ഫാർമസ്യൂട്ടിക്സ് |
| 25 | ശ്രീ.ബിജേഷ് വട്ടക്കീൽ | ലക്ചറർ | അസിസ്റ്റന്റ് പ്രൊഫസർ | ഫാർമ്മക്കോളജി |
| 26 | ശ്രീമതി .പ്രിയങ്ക.എ | ലക്ചറർ | അസിസ്റ്റന്റ് പ്രൊഫസർ | ഫാർമസ്യൂട്ടിക്കൽ കെമിസ്ട്രി |

4) വാനിഷിംഗ് കാറ്റഗറിയിൽ ഉൾപ്പെടുത്തിയ തസ്തികകളിലെ ജീവനക്കാർ വിരമിക്കുന്നതു വഴിയോ പ്രൊമോഷൻ വഴിയോ, മരണം അല്ലെങ്കിൽ പുറത്താക്കൽ വഴിയോ പ്രസ്തുത തസ്തികകൾ പൂർണ്ണമായും ഇല്ലാതാകുന്നതാണ്.

5) പരാമർശം (2), (3) ഉത്തരവുകൾ മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരളം, തിരുവനന്തപുരം
പ്രിൻസിപ്പാൾ, സർക്കാർ മെഡിക്കൽ കോളേജ്, കണ്ണൂർ
ധനകാര്യ വകുപ്പ് (07-09-2024 ലെ 1696703/HLT-B1/11/2021-FIN പ്രകാരം)
വെബ് & ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്, സെക്രട്ടറിയറ്റ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (എസ് 1/20/2021/ആ.കു.വ)

ഉത്തരവിൻ പ്രകാരം

Signed by
T Muraleedharan Chettiyar
Date: 26-10-2024 14:58:31

സെക്ഷൻ ഓഫീസർ

പകർപ്പ്:
ആരോഗ്യ കുടുംബക്ഷേമ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.